# THE SOCIETY OF ST. VINCENT DE PAUL

## Our Lady of Good Death, Valiathope

**St. Ann's Church**, Thope,

Thiruvananthapuram



**മദ്ധ്യസ്ഥൻ**

**സെന്റ് വിൻസെന്റ് ഡി പോൾ**



**സ്ഥാപകൻ**

**വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനം**

## 2019 ഡിസംബർ മുതൽ
## 2020 നവംബർ വരെയുള്ള
## ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട്

# റിപ്പോർട്ട് 2019 - 2020

പ്രിയപ്പെട്ട വിൻസെഷ്യൽ സഹോദരങ്ങളേ,

തോപ്പ് സെന്റ് ആൻസ് ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത് കോൺഫറൻസ് 2019-2020 ൽ വിൻസെൻഷ്യൻ സഹോദരങ്ങളുടെയും മറ്റു സുമനസുകളുടെയും സഹായസഹകരണത്തോടെ ലോകത്തെ കീഴ്മേൽ മറിച്ച ഈ കോവിഡ്-19 മഹാമാരിക്കാലത്ത് നമ്മുടെ കോൺഫറൻസിന് നിരവധിയായ സഹായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഇക്കാലയളവിൽ ഞങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

## ദത്ത് കുടുംബ സഹായങ്ങൾ

2019-2020 വർഷത്തിൽ ഇടവകയിൽ നിന്നും അയൽ ഇടവകകളിൽ നിന്നും ദാരിദ്ര്യം മൂലം കഷ്ടത അനുഭവിക്കുന്ന കുറച്ച് കുടുംബങ്ങളെ സഹായിക്കുവാൻ സാധിക്കുകയുണ്ടായി. 12 കുടുംബങ്ങൾക്ക് മാസംതോറും ഒരു കുടുംബത്തിന് വർഷത്തിൽ ഒരുതവണ സഹായം നൽകി വരുന്നു.

വിദ്യാഭ്യാസ സഹായത്തിനായി മൂന്ന് കുടുംബങ്ങൾക്കും, മരുന്ന് വാങ്ങുവാനായി മൂന്ന് കുടുംബങ്ങൾക്കും, വീട്ടാവശ്യത്തിനുള്ള ഭക്ഷണസാധനങ്ങൾ വാങ്ങുവാനായി അഞ്ച് കുടുംബങ്ങൾക്കും, ഓട്ടിസം ബാധിച്ച ഒരു കുട്ടിയ്ക്കും സാമ്പത്തിക സഹായമായി മാസംതോറും 13,800/- രൂപയും നൽകിവരുന്നു.

## പ്രതിമാസ പ്രവർത്തനങ്ങൾ

കഴിഞ്ഞ മൂന്ന് വർഷമായി മാസംതോറും ഓരോ സ്ഥാപനം സന്ദർശിച്ച് അവർക്ക് വേണ്ട സഹായങ്ങൾ നൽകികൊണ്ടിരിക്കുന്നു. ഈ വർഷം കോവിഡ്-19 മഹാമാരി കാരണം എല്ലാ മാസവും സന്ദർശനവും സഹായവും നൽകുവാൻ സാധിച്ചില്ല. മൂന്ന് സ്ഥാപനങ്ങൾ സന്ദർശിക്കുവാൻ കഴിയുകയുണ്ടായി.

**മൺവിളയിലുള്ള സാധന ആശ്രമം, മുറിഞ്ഞപാലത്തുള്ള ജീവൻ പ്രകാശ് ചൈൽഡ് സെന്റർ, ശാസ്തവട്ടത്തുള്ള മദർ തെരേസ റീഹാബ് ഹൗസ്** എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു. ഇതിനായി കോൺഫറൻസ് 23,500/- രൂപ ചിലവഴിച്ചു.

## മറ്റ് പ്രവർത്തനങ്ങൾ

### ക്രിസ്തുമസ് സ്നേഹോപഹാരം

2019 ക്രിസ്തുമസിന് ഇടവകയിൽ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബാംഗങ്ങളും ക്രിസ്തുമസ് ആഘോഷിക്കണം എന്ന ആശയത്തിൽ 58 ഓളം കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളുടെ കിറ്റ് 60,000/ രൂപയ്ക്ക് വാങ്ങി നൽകുകയുണ്ടായി.

### വിവാഹധന സഹായങ്ങൾ:

കല്യാണം നടത്തുവാനായി സഹായം അഭ്യർത്ഥിച്ചുവന്ന കുടുംബങ്ങൾക്ക് കോൺഫറൻസിന് കഴിയുന്നവിധം സഹായം നൽകുവാൻ സാധിച്ചു.

നാല് കുടുംബങ്ങൾക്ക് 25,000/- രൂപ നൽകി സഹായിക്കുവാൻ കഴിഞ്ഞു.

**വിദ്യാഭ്യാസ സഹായങ്ങൾ** :

ഇടവകയിൽ വിദ്യാഭ്യാസ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും IAS കോച്ചിംഗ് പഠിക്കുന്ന ഒരു വിദ്യാർത്ഥി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥികൾക്ക് 40,000/- രൂപ നൽകി സഹായിച്ചു.

**ആരോഗ്യ പരിരക്ഷ സഹായങ്ങൾ** :

ഇടവകയിലേയും അയൽ ഇടവകയിലേയും മൂന്ന് രോഗികൾക്ക് ഓപ്പറേഷനും, Hearing Aid ചാർജ്ജറും മരുന്നുകളും വാങ്ങുവാനായി 39,000/- രൂപ നൽകുവാൻ കഴിഞ്ഞു.

**ഫുഡ് കിറ്റ് വിതരണം** :

കോവിഡ് കാലത്ത് (ഒക്ടോബർ) LOBA ലയോള ഓൾഡ് ബോയിസ് അസ്സോസിയേഷനുമായി സഹകരിച്ച് 150 പേർക്ക് ഇടവകയിലെയും സമീപ പ്രദേശത്തേയും നിർധനരായവർക്ക് ഫുഡ് കിറ്റ് വിതരണം ചെയ്തു.

**രക്തപരിശോധന** :

ഇടവകയിൽ നിർദ്ധനരായ രോഗികൾക്ക് രക്ത പരിശോധന നടത്തുവാനായി ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. യൂണിറ്റ് അടിസ്ഥാനത്തിൽ നിർദ്ധനരായ രോഗികളെ കണ്ടെത്തി അവരെ ക്ലീനിക്കിൽ വരുത്തി സൗജന്യമായി ടെസ്റ്റ് നടത്തിവരുന്നു. ഇതിനുവേണ്ട സാമ്പത്തിക സഹായം പ്രതിമാസം ശരാശരി 5000/- രൂപ കോൺഫറൻസിൽ നിന്നും നൽകിവരുന്നു.

**മാസ്ക് വിതരണം** :

ആര്യനാട് ഉഴമലയ്ക്കൽ കേളനിയിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന മുള തൊഴിലാളികളായ (Bamboo Workers) 150 പേർക്ക് കോവിഡ് മാസ്ക് വിതരണം നടത്തി.

**കോൺഫറൻസ് സംബന്ധമായ പ്രവർത്തനങ്ങൾ**

- മാർച്ച് മാസം ഏരിയാ കൗൺസിലിൽ അംഗങ്ങളുമായി ചേർന്ന് വിഴിഞ്ഞം **ഓസാനം കാരുണ്യഭവൻ** സന്ദർശിക്കുകയുണ്ടായി. അവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു.
- വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ നിർദ്ദേശ പ്രകാരം നടത്തുവാനുള്ള ദിവ്യബലികൾ കോവിഡ്-19 കാരണം നടത്തുവാൻ സാധിക്കാത്തതിനാൽ ഇടവക മദ്ധ്യസ്ഥയുടെ തിരുനാളിന് 10,000/- നൽകുകയുണ്ടായി.
- ഏരിയാ കൗൺസിൽ നടത്തിവരുന്ന എല്ലാ യോഗങ്ങൾക്കും കോൺഫറൻസിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**കോവിഡ്-19 മഹാമാരിയും ലോക്ഡൗണും:**
**ഈ കോൺഫറൻസിന്റെ കോവിഡ്കാല പ്രവർത്തനവും**

കോവിഡ്-19 എന്ന മഹാമാരിയുടെ ഭയത്താൽ ലോകവും നമ്മുടെ നാടും ഭയത്താലും ദുരിതങ്ങളാലും ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. അനുദിന മത്സ്യബന്ധനത്തിനും വിപണനത്തിനും പോയി കിട്ടുന്ന തുക കൊണ്ട് ദൈനംദിന ചിലവുകൾ നടത്തിയിരുന്ന തീരദേശത്തെ മക്കൾ ഇന്നുവരെ കേട്ടിട്ടില്ലാത്തതും, ഇതുവരെ അഭിമുഖീകരിക്കാത്തതുമായ

ഈ മഹാമാരി മൂലം ഗവൺമെന്റ് ലോക്ഡൗൺ പ്രഖ്യാപിച്ചതു കാരണം തൊഴിൽ നഷ്ടപ്പെടുകയും പട്ടിണിയിലും, ദാരിദ്ര്യത്തിലും വഴുതി വീഴുകയുമായിരുന്നു. ജനങ്ങൾ അനുഭവിക്കുന്ന ഈ ദാരുണ അവസ്ഥയിൽ നിന്ന് അവരെ കരകയറ്റുവാൻ ഏതുരീതിയിൽ സഹായിക്കാമെന്ന് നമ്മുടെ കോൺഫറൻസ് ആഴമായ ചർച്ചകൾ നടത്തി. സാമ്പത്തികമാണ് ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് മുഖ്യമായും വേണ്ടതെന്ന് ബോധ്യപ്പെട്ടു. അംഗങ്ങൾ അവരുടെ ചെറിയ സഹായങ്ങൾ നൽകി. ഈ പ്രവർത്തനങ്ങൾക്ക് ഇടവക വികാരിയുടെ അനുഗ്രഹാശംസകളോടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും മറ്റു പലരിൽ നിന്നും സഹായങ്ങൾ ഈ പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെടുകയും ചെയ്തു. വിദേശത്തും സ്വദേശത്തുമായി പലരെയും ഞങ്ങൾ ബന്ധപ്പെട്ടു. കോവിഡ്-19 കാരണം തൊഴിൽ നഷ്ടപ്പെട്ടവർപോലും ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ആവശ്യത്തെ ഉൾക്കൊണ്ടുകൊണ്ട് സാമ്പത്തിക സഹായം നൽകുവാൻ തയ്യാറായി എന്ന വലിയ സത്യം ഇവിടെ മറച്ചുവയ്ക്കുവാൻ കഴിയുകയില്ല. "കർത്താവിൽ ആശ്രയിക്കുക! നിന്റെ പ്രവർത്തനങ്ങളെ കർത്താവ് ഒലിവ് തൈകൾ പോലെ ഫലഭുഷ്ടിഅണിയും" എന്ന വചനമായിരുന്നു ഞങ്ങളുടെ ഈ പ്രവർത്തനത്തെ മുന്നോട്ട് നയിച്ചത്. അവയുടെ ഫലമായി പലരിൽനിന്ന് 5,65,000/- രൂപ ഈ കോൺഫറൻസിന് സമാഹരിക്കുവാൻ കഴിഞ്ഞു.

**ഘട്ടം 1**

ഇടവകയിൽ സാമ്പത്തികമായി കഷ്ടപ്പെടുന്നവർക്ക് 1000/- രൂപ വച്ച് നൽകാം എന്ന് തീരുമാനിച്ചു. അതിനായി ഇടവകയിലെ 18 യൂണിറ്റിൽനിന്നും ലിസ്റ്റ് ശേഖരിച്ച് ഇടവക വികാരിയുമായി ചർച്ച ചെയ്ത് ലിസ്റ്റ് ഫൈനൽ ആക്കുകയും ചെയ്തു. ലിസ്റ്റ് തയ്യാറാക്കാൻ എല്ലാ അംഗങ്ങളുടെയും പരിപൂർണ്ണ സഹകരണം ലഭിച്ചു. ആദ്യഘട്ടത്തിൽ 227 പേർക്കാണ് സഹായം നൽകുവാൻ തീരുമാനിച്ചത്. 21.08.2020ന് സെന്റ് ആൻസ് പാരീഷ് ഹാളിൽ വച്ച് ഇടവക വികാരി പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കോവിഡ് പ്രോട്ടോക്കോൾ പ്രകാരം സമയം ക്രമീകരിച്ച് ഗുണഭോക്താക്കളെ ഹാളിൽ വരുത്തി 1000 രൂപ വീതം നൽകുകയുണ്ടായി. 118 പേർ ഹാളിൽ വന്ന് സഹായം സ്വീകരിച്ചു ബാക്കി 109 പേർക്ക് അവരുടെ ഭവനങ്ങളിൽ അംഗങ്ങൾ സഹായം എത്തിച്ചു.

**ഘട്ടം 2**

ബീമാപള്ളി, വള്ളക്കടവ് എന്നീ പ്രദേശങ്ങളിൽനിന്നും അക്രൈസ്തവരായ കഷ്ടത അനുഭവിക്കുന്നവരെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായം ചെയ്യുകയും ചെയ്തു. അവിടെനിന്നും 50 പേരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്ക് 1000 രൂപ വീതം നൽകുകയും ചെയ്തു.

**ഘട്ടം 3**

മാസംതോറും കോൺഫറൻസ് സഹായിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളായ **ഓശാന കാരുണ്യ ഭവൻ, മൺവിള സാധന ഭവന, ശാസ്തവട്ടത്തുള്ള മദർ തെരേസ ഹോം** എന്നീ സ്ഥാപനങ്ങളിൽ അവർക്ക് ആവശ്യമുള്ള ഭക്ഷണസാധനങ്ങളും മരുന്നുകളും 33,206/- രൂപയ്ക്ക് വാങ്ങി നൽകി. വലിയതുറ സെന്റ് ജോർജ് കോൺഫറൻസിൽ നിന്നും ലഭിച്ച അപേക്ഷ പ്രകാരം അവർക്ക് 13,622 രൂപയ്ക്ക് 20 കിറ്റ് നൽകുകയും ചെയ്തു,

**ഘട്ടം 4**

കൊച്ചുതോപ്പ്, ഔവർ ലേഡി ഓഫ് ഫാത്തിമ കോൺഫറൻസിൽനിന്നും ലഭിച്ച അപേക്ഷ പ്രകാരം അവിടുത്തെ ഇടവക വികാരിയുടെ മദ്ധ്യസ്ഥതയിൽ 1000/- രൂപ വീതം 50 പേർക്ക് സഹായം നൽകുകയും ചെയ്തു.

**ഘട്ടം 5**

ഇടവകയിൽ സാമ്പത്തികമായി കഷ്ടതയനുഭവിക്കുന്ന രോഗികളുടെ ലിസ്റ്റ് തയ്യാറാക്കുകയും, ലിസ്റ്റ് പ്രകാരം അവർക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുകയും അവരുടെ ഭവനങ്ങളിൽ എത്തിക്കുകയും ചെയ്തു. ഇതിനായി 32 പേർക്ക് 50,616/- രൂപയ്ക്ക് മരുന്നുകൾ വാങ്ങിച്ചു.

## സ്പോൺസർസ്

ഈ മഹാമാരിയുടെ കാലഘട്ടത്തിലും അവരുടെ പ്രയാസത്തിൽ നിന്നും ഞങ്ങളെ സാമ്പത്തികമായും, ആത്മീയമായും സഹായിച്ച 72 കുടുംബങ്ങൾ 8.5 ലക്ഷം രൂപ നൽകി സഹകരിച്ചു. അവർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## ഉപസംഹാരം

2019-2020 പ്രവർത്തന കാലയളവിൽ പ്രത്യേകിച്ച് കോവിഡ്-19 മഹാമാരി കാലത്ത് ഇത്രയധികം പ്രവർത്തനം ഈ കോൺഫറൻസിന് ചെയ്യാൻ കഴിഞ്ഞത് സംഘടന മദ്ധ്യസ്ഥൻ വിശുദ്ധ വിൻസന്റ് ഡി പോളിന്റെയും സംഘടന സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനത്തിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച ദൈവാനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ്. ഇതിനു സംഘടനാംഗങ്ങളുടെയും ഒപ്പം അഭ്യുദയകാംക്ഷികളുടെയും സഹകരണംകൊണ്ടുമാണ്. ഒപ്പം ഞങ്ങളുടെ കോൺഫറൻസിന്റെ ആത്മീയ ഉപദേഷ്ടാവും ഇടവക വികാരിയുമായ ബഹു. ഹയസിന്ദ് അച്ചന്റെ സഹകരണവും ഉണ്ടായിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സഹായ സഹകരണവും നൽകിയ മേൽസൂചിപ്പിച്ച എല്ലാവർക്കും ഒപ്പം ഏരിയ കൗൺസിലിന്റെയും സെൻട്രൽ കൗൺസിലിന്റെ ഭാരവാഹികൾക്കും നന്ദിയർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

എന്ന്

ബ്രദർ ജറാൾഡ് ജോൺക്രൂസ്
സെക്രട്ടറി